പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2511 — 01.04.2013 -ൽ മറുപടിക്ക്.

## മിനിമം വേതന നിയമപ്രകാരമുള്ള കേസ്സുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശശി : | ശ്രീ. ഷിബു ബേബി ജോൺ (തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) തൊഴിൽ വകുപ്പിൽ മിനിമം വേതന നിയമപ്രകാരമുള്ള കേസ്സുകൾ കൈകാര്യം ചെയ്യുന്നതിലെ കാലതാമസം മൂലം തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ ലഭിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ കാലതാമസം ഒഴിവാക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) മിനിമം വേതന നിയമമുൾപ്പെടെയുള്ള നിയമങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് എല്ലാ ജില്ലകളിലും എല്ലാ മാസങ്ങളിലും ജില്ലാ ലേബർ ഓഫീസർമാർ അവലോകനം നടത്തി ആയതിൽ കാലതാമസം ഒഴിവാക്കുന്നതിനും പരിശോധനയിൽ കൃത്യത വരുത്തുന്നതിനും ഓരോ മാസത്തിലും നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. മൂന്നു മാസത്തിലൊരിക്കൽ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർ ഇത്തരം വർക്ക് റിവ്യൂ നടത്തുന്നുണ്ട്. രണ്ടു മാസത്തിലൊരിക്കൽ ലേബർ കമ്മീഷണർ ജില്ലാ ലേബർ ഓഫീസർമാരുടെ പ്രവൃത്തി അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്. മിനിമം വേതനനിയമപ്രകാരമുള്ള ക്ലെയിം കേസ്സുകളിലെ കാലതാമസം ഒഴിവാക്കുന്നതിന് ടി കേസുകൾ എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർമാർക്ക് നൽകുന്നതിനുള്ള ശുപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. |
| (സി) ഈ വിഷയം കൈകാര്യം ചെയ്യുന്നതിന് ഡെപ്യൂട്ടി ലേബർ കമ്മീഷണറെയാണോ ജോയിന്റ് ലേബർ കമ്മീഷണറെയാണോ ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇതിൽ ആർക്കാണ് നിയമപ്രകാരം ഈ വിഷയം കൈകാര്യം ചെയ്യാനുള്ള അധികാരമെന്ന് വെളിപ്പെടുത്തുമോ? | (സി) മിനിമം വേതന നിയമപ്രകാരമുള്ള ക്ലെയിം പെറ്റീഷനുകൾ കേൾക്കുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നത് ഇതിനായി നിയമിക്കപ്പെട്ടിട്ടുള്ള എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർമാരെയാണ്. |

സെക്ഷൻ ആഫീസർ.